## മധുരമായ കുട്ടികളേ – ബാബയില്‍ നിന്നും സകാശ് നേടുന്നതിനായി സുഗന്ധ മുള്ള പുഷ്പമായി മാറൂ, അതിരാവിലെ ഉണര്‍ന്ന് ഓര്‍മ്മയില്‍ ഇരുന്ന് ബാബ യോട് വളരെ മധുര മധുരമായി സംസാരിക്കൂ.

**ചോദ്യം:–** എല്ലാ കുട്ടികളും ബാബയെ നമ്പര്‍വൈസായി ഓര്‍മ്മിക്കുന്നുണ്ട് എന്നാല്‍ ബാബ ഓര്‍മ്മിക്കുന്നത് ഏത് കുട്ടികളേയാണ്?
**ഉത്തരം:–** ഏത് കുട്ടികളാണോ വളരെ മധുരമായിട്ടുള്ളത്, ആര്‍ക്കാണോ സേവനമല്ലാതെ മറ്റൊന്നും ഇഷ്ടമല്ലാത്തത്, ആരാണോ അതീവ സ്നേഹത്തോടെ ബാബയെ ഓര്‍മ്മിക്കുന്നത്, സന്തോഷത്താല്‍ പ്രേമത്തിന്റെ കണ്ണുനീര്‍ ഒഴുക്കുന്നത്, അങ്ങനെയുള്ള കുട്ടികളെ ബാബയും ഓര്‍മ്മിക്കുന്നു. ബാബയുടെ ദൃഷ്ടി പുഷ്പങ്ങളുടെ നേരെയാണ്, ഇന്ന ആത്മാവ് വളരെ നല്ലതാണ് എന്ന് പറയും, ഇന്ന ആത്മാവ് എവിടെ സേവനം കാണുന്നുവോ ഓടിക്കൊണ്ടിരിക്കുന്നു, അനേകരുടെ മംഗളം ചെയ്യുന്നു. അതിനാല്‍ ബാബ അവരെ ഓര്‍മ്മിക്കുന്നു.

**ഓം ശാന്തി**. അച്ഛന്‍ ഇരുന്ന് മുഴുവന്‍ ആത്മാക്കള്‍ക്കും മനസ്സിലാക്കിത്തരുകയാണ്. ശരീരവും ഓര്‍മ്മ വരുന്നുണ്ട് ഒപ്പം ആത്മാവിനേയും ഓര്‍മ്മ വരുന്നുണ്ട്. ശരീരമില്ലാതെ ആത്മാവിനെ ഓര്‍മ്മിക്കാന്‍ സാധിക്കില്ല. ഈ ആത്മാവ് നല്ലതാണ്, ഇവര്‍ ബാഹര്‍മുഖിയാണ്, ഇവര്‍ ഈ ലോകം മുഴുവന്‍ ചുറ്റിസഞ്ചരിക്കാന്‍ ആഗ്രഹിക്കുന്നു എന്നെല്ലാം മനസ്സിലാക്കാന്‍ സാധിക്കും. ഇവര്‍ ആ ലോകത്തെ മറന്നിരിക്കുകയാണ്. ആദ്യം അവരുടെ നാമവും രൂപവും മുന്നില്‍ വരുന്നു. ഇന്ന ആളുടെ ആത്മാവിനെ ഓര്‍മ്മിക്കുന്നു. ഇന്നയാളുടെ ആത്മാവ് വളരെ നന്നായി സേവനം ചെയ്യുന്നു, ഇവരുടെ ബുദ്ധിയോഗം ബാബയുമായാണ്, ഇവരില്‍ ഇന്ന ഇന്ന ഗുണങ്ങളുണ്ട്. ആദ്യം ശരീരത്തെ ഓര്‍മ്മിക്കുമ്പോള്‍ പിന്നീട് ആത്മാവിനെ ഓര്‍മ്മവരും. ആദ്യം ശരീരമാണ് ഓര്‍മ്മ വരുക എന്തുകൊണ്ടെന്നാല്‍ ശരീരം വലിയ വസ്തുവല്ലേ. പിന്നീട് അതിസൂക്ഷ്മവും വളരെ ചെറുതുമായ ആത്മാവിനെ ഓര്‍മ്മവരും. ഇത്രയും വലിയ ശരീരത്തിന്റെ മഹിമ ചെയ്യാറില്ല. മഹിമ പാടുന്നത് ആത്മാവിനാണ്. ഇവരുടെ ആത്മാവ് വളരെ നല്ല സേവനം ചെയ്യുന്നുണ്ട്. ഇന്ന ആത്മാവ് ഇവരേക്കാളും നല്ലതാണ്. ആദ്യം ശരീരമാണ് ഓര്‍മ്മ വരുന്നത്. ബാബയ്ക്ക് അനേകം ആത്മാക്കളെ ഓര്‍മ്മിക്കേണ്ടതായി വരുന്നു. ശരീരത്തിന്റെ പേര് ഓര്‍മ്മവരില്ല, കേവലം രൂപമാണ് മുന്നില്‍ വരുന്നത്. ഇന്നയാളുടെ ആത്മാവ് എന്ന് പറയുമ്പോള്‍ ശരീരം തീര്‍ച്ചയായും ഓര്‍മ്മ വരും. ഈ ദാദയുടെ ശരീരത്തില്‍ ശിവബാബ വരുന്നുണ്ട് എന്ന് മനസ്സിലാക്കുന്നതുപോലെയാണത്. അറിയാം ബ്രഹ്മാബാബയുടെ ശരീരത്തില്‍ ശിവബാബയുണ്ട്. ശരീരം തീര്‍ച്ചയായും ഓര്‍മ്മ വരും. ഞങ്ങള്‍ എങ്ങനെയാണ് ഓര്‍മ്മിക്കേണ്ടത് എന്ന് ചോദിക്കുന്നു. ശിവബാബയെ ബ്രഹ്മാശരീരത്തില്‍ ഓര്‍മ്മിക്കണോ അതോ പരമധാമത്തില്‍ ഓര്‍മ്മിക്കണോ? വളരെയധികം പേര്‍ സംശയം ചോദിക്കുന്നു. ബാബ പറയുന്നു– ഓര്‍മ്മിക്കേണ്ടത് ആത്മാവിനെത്തന്നെയാണ്. പക്ഷേ ശരീരവും തീര്‍ച്ചയായും ഓര്‍മ്മവരും. ആദ്യം ശരീരം പിന്നീട് ആത്മാവ്. ബാബ ഈ ശരീരത്തില്‍ ഇരിക്കുകയാണ് അതിനാല്‍ തീര്‍ച്ചയായും ശരീരം ഓര്‍മ്മവരും. ഇന്ന ശരീരമുള്ള ആത്മാവിന് ഈ ഗുണമുണ്ട്. ബാബയും നോക്കിക്കൊണ്ടിരിക്കുന്നു– ആരാണ് എന്നെ ഓര്‍മ്മിക്കുന്നത്, ആരിലാണ് വളരെയധികം ഗുണങ്ങളുള്ളത്, ഏത് ഏതെല്ലാം പുഷ്പങ്ങളിലാണ് സുഗന്ധമുള്ളത്? പുഷ്പങ്ങള്‍ എല്ലാവര്‍ക്കും പ്രിയപ്പെട്ടതാണ്. പൂച്ചെണ്ട് ഉണ്ടാക്കുന്നു. അതില്‍ രാജാവ്, റാണി, പ്രജ എന്നിങ്ങനെ ഭിന്ന ഭിന്നങ്ങളായ പുഷ്പങ്ങളും ഇലകളും ഉപയോഗിക്കുന്നു. അച്ഛന്റെ ദൃഷ്ടി പൂക്കളുടെ നേരെയാണ് പോകുന്നത്. പറയും, ഇന്ന ആളുടെ ആത്മാവ് വളരെ നല്ലതാണ്. വളരെ അധികം സേവനം ചെയ്യുന്നു. ആത്മാഭിമാനിയായിരുന്ന് ബാബയെ ഓര്‍മ്മിച്ചുകൊണ്ടിരിക്കുന്നു. എവിടെ സേവനമുണ്ടോ അവിടേയ്ക്ക് ഓടുന്നു. എന്നിട്ടും അതിരാവിലെ ഉണര്‍ന്ന് ഓര്‍മ്മയില്‍ ഇരിക്കുകയാണെങ്കില്‍ ആരെയായിരിക്കും ഓര്‍മ്മിക്കുന്നുണ്ടാവുക? പരമധാമത്തില്‍ ശിവബാബയെ ഓര്‍മ്മ വരുന്നുണ്ടാകും ഇല്ലെങ്കില്‍ മധുബനില്‍ ഇരിക്കുന്ന ശിവബാബയെ ഓര്‍മ്മ വരുന്നുണ്ടാകും. ബാബയെ ഓര്‍മ്മ വരുന്നുണ്ടാകില്ലേ. ബ്രഹ്മാശരീരത്തില്‍ ശിവബാബയുണ്ട് എന്തെന്നാല്‍ ബാബ ഇപ്പോള്‍ താഴേയ്ക്ക് വന്നിരിക്കുകയാണ്. മുരളി കേള്‍പ്പിക്കാന്‍ താഴേയ്ക്ക് വന്നു. ബാബയ്ക്ക് വീട്ടിലിരിക്കുമ്പോള്‍ ഒരു ജോലിയുമില്ല. അവിടെച്ചെന്ന് എന്ത് ചെയ്യാനാണ്? ഈ ശരീരത്തില്‍ത്തന്നെയാണ് പ്രവേശിക്കുന്നത്. അതിനാല്‍ തീര്‍ച്ചയായും ആദ്യം ശരീരത്തെയാണ് ഓര്‍മ്മ വരുന്നത് പിന്നീട് ആത്മാവിനേയും. ഇന്ന ശരീരത്തില്‍ ഇരിക്കുന്ന ആത്മാവ് നല്ല വിശേഷപ്പെട്ടതാണ്. ഇവര്‍ക്ക് സേവനമല്ലാതെ മറ്റൊന്നിലും താല്പര്യമില്ല. വളരെ മധുരമാണ്. ബാബ ഇരിക്കുന്നുണ്ടാകും എല്ലാവരേയും നോക്കിക്കൊണ്ടിരിക്കും. ഇന്ന കുട്ടി വളരെ സമര്‍ത്ഥനാണ്, വളരെ അധികം ഓര്‍മ്മിക്കുന്നു. ബന്ധനസ്ഥരായ കുട്ടികള്‍ക്ക് വികാരത്തിന്റെ പേരില്‍ എത്ര അടി

കിട്ടുന്നു! എത്ര പ്രേമത്തോടെ ഓർമ്മിക്കുന്നുണ്ടാകും! എപ്പോഴാണോ വളരെ ഓർമ്മിക്കുന്നത് അപ്പോൾ സന്തോഷം കൊണ്ട് സ്നേഹത്തിന്റെ കണ്ണുനീരും വരുന്നു. ചില സമയങ്ങളിൽ ആ കണ്ണുനീർ താഴേയ്ക്ക് വീഴാറുമുണ്ട്. ബാബയ്ക്ക് ഇതല്ലാതെ എന്താണ് ജോലി. എല്ലാവരേയും ഓർമ്മിക്കുന്നു. വളരെ അധികം കുട്ടികളുടെ ഓർമ്മ വരുന്നു. ഇന്നയാളുടെ ആത്മാവിന് നിയന്ത്രണമില്ല. ബാബയെ ഓർമ്മിക്കുന്നേയില്ല. ആർക്കും സുഖം നൽകുന്നില്ല. ഇവർ സ്വയം തന്റെ മംഗളം പോലും ചെയ്യുന്നില്ല. ബാബ ഇത് പരിശോധിച്ചുകൊണ്ടേയിരിക്കും. ഓർമ്മിക്കുക അർത്ഥം സകാശ് നൽകുക. ആത്മാവിന്റെ കണക്ഷൻ പരമാത്മാവുമായി വേണമല്ലോ. ഒരു ദിവസം വരും അപ്പോൾ കുട്ടികൾ യോഗത്തിൽ വളരെ നല്ലരീതിയിൽ മുഴുകും. ബ്രഹ്മാവും ആരെയെങ്കിലും ഓർമ്മിക്കുകയാണെങ്കിൽ ഉടനെ അവർക്ക് സാക്ഷാത്ക്കാരമുണ്ടാകും. ആത്മാവ് വളരെ ചെറിയ ബിന്ദുവാണ്. സാക്ഷാത്ക്കാരം ചെയ്താലും ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല വീണ്ടും ശരീരം തന്നെയാണ് ഓർമ്മ വരുക. ആത്മാവ് ചെറിയ ബിന്ദുവാണ് പക്ഷേ ഓർമ്മിക്കുകയാണെങ്കിൽ അവരുടെ ആത്മാവ് പാവനമായി മാറും. പൂന്തോട്ടത്തിൽ നിരവധി പൂക്കളുണ്ടാകും. ബാബയും നോക്കും ഇത് വളരെ സുഗന്ധപൂർണ്ണമായ പുഷ്പമാണ്, ഇത് അത്രത്തോളമല്ല. എങ്കിൽ പദവിയും കുറവായിരിക്കും. ബാബയുടെ സഹായിയായി മാറുന്നത് ആരാണോ അവരാണ് ഉയർന്ന പദവി നേടുന്നത്. ആരാണോ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നത് അവരും ഉയർന്ന പദവി നേടും. ബ്രാഹ്മണനിൽ നിന്നും ട്രാൻസ്ഫറായി ദേവതയായി മാറുന്നു. ഇവർ ദൈവീക പുഷ്പമാണോ അതോ ആസുരീയ പുഷ്പമാണോ എന്ന വർണ്ണനയും ഈ സംഗമയുഗത്തിലേ ചെയ്യാൻ കഴിയൂ. എല്ലാവരും പുഷ്പങ്ങളാണ് പക്ഷേ എല്ലാവരും വ്യത്യസ്തമാണ്. ബാബയും ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ടീച്ചർ തന്റെ വിദ്യാർത്ഥികളെ ഓർമ്മിക്കുമല്ലോ. ഇവർ പഠിക്കുന്നത് കുറവാണ്. എന്നത് ഹൃദയംകൊണ്ട് മനസ്സിലാക്കുമല്ലോ. ബാബ അച്ഛനുമാണ് ടീച്ചറുമാണ്. തീർച്ചയായും അച്ഛനാണല്ലോ. കൂടുതൽ സമയം ടീച്ചറാണ്. ടീച്ചർക്ക് ദിവസവും പഠിപ്പിക്കണം. ഈ പഠിപ്പിന്റെ ശക്തികൊണ്ടാണ് അവിടെ പദവി നേടുന്നത്. അതിരാവിലെ നിങ്ങൾ എല്ലാവരും അച്ഛന്റെ ഓർമ്മയിൽ ഇരിക്കുന്നു, അത് ഓർമ്മയുടെ വിഷയമാണ്. പിന്നീട് മുരളി നടക്കുന്നു, ഇതാണ് പഠിപ്പിന്റെ വിഷയം. മുഖ്യമായത് പഠിപ്പും യോഗവുമാണ്. അതിനെ ജ്ഞാനം എന്നും വിജ്ഞാനമെന്നും പറയുന്നു. ഇത് ജ്ഞാന-വിജ്ഞാന ഭവനമാണ്, ഇവിടെ അച്ഛൻ വന്നാണ് പഠിപ്പിക്കുന്നത്. ജ്ഞാനത്തിലൂടെ മുഴുവൻ സൃഷ്ടിയുടേയും അറിവ് ലഭിക്കുന്നു. വിജ്ഞാനം അർത്ഥം നിങ്ങൾ യോഗത്തിലിരിക്കുന്നു ഇതിലൂടെ നിങ്ങൾ പാവനമായി മാറുന്നു. നിങ്ങൾക്ക് അർത്ഥമറിയാം. അച്ഛൻ കുട്ടികളെ നോക്കിക്കൊണ്ടിരിക്കുന്നു. ദേഹീ അഭിമാനിയായാലേ ഭൂതം ഇറങ്ങിപ്പോകൂ. എല്ലാവരിലേയും ഭൂതം പെട്ടെന്ന് ഇറങ്ങിപ്പോകും എന്നല്ല. കണക്കു വഴക്കുകൾ പൂർത്തിയാക്കി പിന്നീടുള്ള പെരുമാറ്റത്തിന്റെ ആധാരത്തിലാണ് പദവി നേടുക. ക്ലാസ് ട്രാൻസ്ഫറാകും. ഈ ലോകത്തിൽ ട്രാൻസ്ഫറാകുന്നത് താഴേയ്ക്കാണ് നിങ്ങൾക്ക് ട്രാൻസ്ഫറുണ്ടാകുന്നത് മുകളിലേയ്ക്കാണ്. എത്ര വ്യത്യാസമാണ്. ഈ കലിയുഗത്തിന്റെ പടികൾ താഴേയ്ക്കിറങ്ങിക്കൊണ്ടിരിക്കുന്നു എന്നാൽ നിങ്ങൾ പുരുഷോത്തമ സംഗമയുഗികൾ ഏണിപ്പടിയിൽ മുകളിലേയ്ക്ക് കയറിക്കൊണ്ടിരിക്കുന്നു. ലോകം ഇതു തന്നെയാണ്, കേവലം ബുദ്ധിയുടെ ജോലിയാണ്. നിങ്ങൾ പറയുന്നു ഞങ്ങൾ സംഗമയുഗികളാണ്. പുരുഷോത്തമനാക്കി മാറ്റുന്നതിനായി അച്ഛന് വരേണ്ടിവരുന്നു. നിങ്ങൾക്കായി ഇപ്പോൾ പുരുഷോത്തമ സംഗമയുഗമാണ്. ബാക്കി എല്ലാവരും ഘോരാന്ധകാരത്തിലാണ്. ഭക്തിയെ അവർ വളരെ നന്നായി മനസ്സിലാക്കുന്നു പക്ഷേ അവരിൽ ജ്ഞാനം ഒട്ടും തന്നെയില്ല. നിങ്ങൾക്ക് ഇപ്പോൾ ജ്ഞാനം ലഭിച്ചു, അതിനാൽ നിങ്ങൾ എല്ലാം മനസ്സിലാക്കുന്നു. ഒരു നുള്ള് ജ്ഞാനം കൊണ്ട് നിങ്ങൾ അരകല്പത്തേക്ക് കയറുന്നു. പിന്നീട് അവിടെ ജ്ഞാനത്തിന്റെ കാര്യമേയുണ്ടാകില്ല. ഈ മുഴുവൻ കാര്യങ്ങളും കേൾക്കുകയും സ്വയത്തിൽ ധാരണ ചെയ്യുകയും ഒപ്പം മറ്റുള്ളവരെ കേൾപ്പിച്ചുകൊണ്ടുമിരിക്കുന്നത് മഹാരഥി കുട്ടികൾ മാത്രമാണ്. ബാക്കിയുള്ളവർ ഇവിടെ നിന്നു പുറത്തുപോയി അതോടെ അവസാനിച്ചു. കർമ്മം, അകർമ്മം, വികർമ്മത്തിന്റേയും രഹസ്യം ഭഗവാനാണ് മനസ്സിലാക്കിത്തരുന്നത്. ഇതാണ് കല്പത്തിലെ സംഗമയുഗം. ഇപ്പോൾ പഴയ ലോകം വിനാശമായി പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകണം. വിനാശം മുന്നിൽ നിൽക്കുകയാണ്. നിങ്ങൾ സംഗമത്തിൽ നിൽക്കുകയാണ് ബാക്കിയുള്ളവർക്ക് കലിയുഗം നടന്നുകൊണ്ടിരിക്കുകയാണ്. എത്ര ഘോരമായ അന്ധകാരമാണ്. വീണുകൊണ്ടേയിരിക്കുന്നു. ചിലർ വീഴ്ത്തുന്നതിന് നിമിത്തമായും ഉണ്ടാകും. അതാണ് രാവണൻ.

ഈ സഭയിൽ വാസ്തവത്തിൽ പതിതമായ ആർക്കും ഇരിക്കാൻ കഴിയില്ല. പതിതമായവർ വായുമണ്ഡലത്തെ മോശമാക്കും. അഥവാ ആരെങ്കിലും ഒളിഞ്ഞിരിക്കുകയാണെങ്കിൽ അവർക്ക് പരിക്ക് പറ്റുകയും ചെയ്യും. തീർത്തും താഴേയ്ക്ക് വീഴും. ഈശ്വരീയ സഭയിൽ ഏതെങ്കിലും അസുരൻ വന്നിരിക്കുകയാണെങ്കിൽ അത് പെട്ടെന്ന് അറിയാൻ കഴിയും. കല്ലുബുദ്ധിയാണ് അതിലും കല്ലുബുദ്ധിയായി മാറും. 100 മടങ്ങ് ശിക്ഷ ലഭിക്കും. സ്വയത്തിന് നഷ്ടമുണ്ടാക്കിവെയ്ക്കും. ഇവർക്ക് മനസ്സിലാകുമോ ഇല്ലയോ എന്ന് നോക്കട്ടെ എന്ന് കരുതുന്നു. ഇതിൽ നമുക്ക് എന്ത് വേണം- ആര് ചെയ്യുന്നുവോ അവർ നേടും. എനിക്ക്

അറിയേണ്ട കാര്യമൊന്നുമില്ല. അച്ഛനോട് സദാ സത്യമായിരിക്കണം. സത്യതയുണ്ടെങ്കിൽ നൃത്തമാടിക്കൊണ്ടിരിക്കും എന്ന് പറയാറുണ്ട്. സത്യമായിരിക്കുകയാണെങ്കിൽ തന്റെ രാജധാനിയിലും നൃത്തം ചെയ്യും. അച്ഛൻ സത്യമാണ്. അതിനാൽ കുട്ടികൾക്കും സത്യമാകണം. ബാബ ചോദിക്കുന്നു- ശിവബാബ എവിടെയാണ്? പറയുന്നു- ബ്രഹ്മാശരീരത്തിൽ. പരമധാമത്തെ വിട്ട് ദൂരദേശത്തു വസിക്കുന്നയാൾ പരദേശത്ത് വന്നിരിക്കുകയാണ്. ബാബയ്ക്ക് ഇപ്പോൾ വളരെ അധികം സേവനം ചെയ്യണം. ബാബ പറയുന്നു- എനിക്ക് ഇവിടെ രാപ്പകൽ സേവനം ചെയ്യണം. സന്ദേശികൾക്കും ഭക്തർക്കും സാക്ഷാത്ക്കാരം ചെയ്യിക്കണം. സേവനമുള്ളത് ഇവിടെയാണ്. അവിടെ ഒരു സേവനവുമില്ല. സേവനമില്ലാതെ ബാബയ്ക്ക് സുഖമുണ്ടാകില്ല. മുഴുവൻ ലോകത്തിന്റെയും സേവനം ചെയ്യണം. എല്ലാവരും വിളിക്കുകയാണ് ബാബാ വരൂ എന്ന് പറഞ്ഞ്. പറയുന്നു ഞാൻ ഈ രഥത്തിൽ വന്നിരിക്കുന്നു. അവർ പിന്നീട് കുതിരയേയും വണ്ടിയേയും അലങ്കരിക്കുന്നു. ഇപ്പോൾ കുതിര വണ്ടിയിൽ കൃഷ്ണൻ എങ്ങനെ ഇരിക്കും! കുതിര വണ്ടിയിൽ ഇരിക്കാനുള്ള ആഗ്രഹമുണ്ടായിരുന്നു ഇങ്ങനെയുമില്ല.

ദേഹാഭിമാനിയാവുക ദേഹീ അഭിമാനിയാവുക എന്നീ കാര്യങ്ങൾ സംഗമയുഗത്തിൽ മാത്രമുള്ളതാണ് മാത്രമല്ല ബാബയ്ക്കല്ലാതെ മറ്റാർക്കും ഇതൊന്നും പറഞ്ഞുതരാൻ സാധിക്കില്ല. നിങ്ങളും ഇപ്പോഴാണ് അറിയുന്നത്. മുമ്പ് അറിയില്ലായിരുന്നു. എന്താ ഏതെങ്കിലും ഗുരു പഠിപ്പിച്ചുതന്നിട്ടുണ്ടോ? ഗുരുക്കന്മാർ ഒരുപാട് ഉണ്ടായിരുന്നു. പക്ഷേ ആരും പഠിപ്പിച്ചുതന്നില്ല. വളരെ അധികം പേർ ഗുരുവിൽ ശരണം തേടുന്നു. ആരിൽ നിന്നെങ്കിലും ശാന്തിയുടെ വഴി ലഭിക്കും എന്ന് കരുതുന്നു. ബാബ പറയുന്നു ശാന്തിയുടെ സാഗരൻ ഒരേ ഒരു ബാബയാണ്, ആ ബാബ നിങ്ങളെ കൂടെക്കൊണ്ടുപോകും. സുഖധാമത്തേയും ശാന്തീധാമത്തേയും ആരും അറിയുന്നില്ല. കലിയുഗത്തിലുള്ളത് ശൂദ്രവർണ്ണമാണ്. പുരുഷോത്തമ സംഗമയുഗത്തിൽ ബ്രാഹ്മണ വർണ്ണമാണ്. ഈ വർണ്ണത്തെ നിങ്ങളല്ലാതെ മറ്റാരും അറിയുന്നില്ല. ഇവിടെ നിന്ന് കേൾക്കും, പക്ഷേ പുറത്ത് പോകുന്നതിലൂടെ എല്ലാം മറക്കുന്നു. ധാരണയുണ്ടാകുന്നില്ല. അച്ഛൻ പറയുന്നു നിങ്ങൾ എവിടേയ്ക്ക് പോകുമ്പോഴും ബാഡ്ജ് അണിയണം. ഇതിൽ ലജ്ജിക്കേണ്ട കാര്യമില്ല. ഇത് ബാബ വളരെ അധികം മംഗളം ചെയ്യുന്നതിനായി ഉണ്ടാക്കിയതാണ്. ആർക്കുവേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കൂ. അഥവാ വിവേകമുള്ള ആരെങ്കിലുമുണ്ടെങ്കിൽ പറയും നിങ്ങൾക്ക് ഇതിൽ ചിലവ് ഉണ്ടായിരിക്കും. അപ്പോൾ പറയൂ- ചിലവ് ഉണ്ടാകുന്നുണ്ട്. പാവങ്ങൾക്ക് ഫ്രീയാണ്. അവർ ധാരണചെയ്യുകയാണെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കും. പാവങ്ങളുടെ കൈയ്യിൽ പൈസയില്ലെങ്കിൽ എന്ത് ചെയ്യാൻ സാധിക്കും. ചിലരുടെ കൈയ്യിൽ പൈസയുണ്ടാകും പക്ഷേ ദുർഭാഗ്യശാലിയാണ്. ബ്രഹ്മാബാബ പ്രായോഗികമായി ചെയ്ത് കാണിച്ചുതന്നു. എല്ലാം മാതാക്കളുടെ കൈയ്യിലേൽപ്പിച്ചു. നിങ്ങൾ ഇരുന്ന് എല്ലാം സംരക്ഷിക്കൂ എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഈ ജ്ഞാനം ലഭിച്ചുകഴിഞ്ഞു അവസാന സമയത്ത് ഒന്നും ഓർമ്മ വരരുത്. അന്തിമ സമയത്ത് ആരാണോ സ്ത്രീയെ സ്മരിച്ചത്..... വലിയ മാളികകൾ ഉണ്ടെങ്കിൽ തീർച്ചയായും ഓർമ്മ വരും. പക്ഷേ കുറച്ച് ജ്ഞാനം കേട്ടാൽപോലും പ്രജയായി തീർച്ചയായും വരും. അച്ഛൻ ഏഴകളുടെ തോഴനാണ്. ചിലരുടെ കൈയ്യിൽ പണമുണ്ടാകും എങ്കിലും ദുർഭാഗ്യശാലിയായിരിക്കും. ആദ്യത്തെ അവകാശി ശിവബാബയാണ് എന്ന് മനസ്സിലാക്കുന്നില്ല. ഭക്തിമാർഗ്ഗത്തിലും ഭഗവാൻ അവകാശിയാണ്. ഈശ്വരാർത്ഥം നൽകുന്നു. എന്താ ഭഗവാന് നൽകാൻ ഭഗവാൻ പാപ്പരാണോ! ഈശ്വരന്റെ നാമത്തിൽ പാവങ്ങൾക്ക് നൽകുകയാണെങ്കിൽ പ്രതിഫലം ഭഗവാൻ നൽകും എന്ന് കരുതുന്നു. അടുത്ത ജന്മത്തിൽ ലഭിക്കുമല്ലോ. ദാനം നൽകൂ എങ്കിൽ ഗ്രഹണം ഇല്ലാതാകും എന്നു പറയാറുണ്ടല്ലോ. അച്ഛന് എല്ലാം നൽകി, ശരീരം, മിത്രസംബന്ധികൾ മുതലായ എല്ലാം ബാബയിൽ സമർപ്പിച്ചു. ഇതെല്ലാം അങ്ങയുടേതാണ്. ഈ സമയത്ത് മുഴുവൻ ലോകത്തിലും ഗ്രഹണം ബാധിച്ചിരിക്കുകയാണ്. അത് എങ്ങനെയാണ് ഒരു സെക്കന്റിൽ ഇല്ലാതാകുന്നത്, കറുത്തതിൽ നിന്നും വെളുത്തതാകുന്നു, ഇത് ഇപ്പോൾ നിങ്ങൾ മാത്രമാണ് അറിയുന്നത് പിന്നീട് നിങ്ങൾ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കുന്നു. ആരാണോ പറയുന്നത്- ഞാൻ ഉള്ളിൽ എല്ലാം മനസ്സിലാക്കുന്നുണ്ട് പക്ഷേ ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നില്ല, ഇങ്ങനെയുള്ളവരെക്കൊണ്ടും ഒരു പ്രയോജനവുമില്ല. ബാബ പറയുന്നു- ദാനം നൽകൂ എങ്കിൽ ഗ്രഹണം ഇല്ലാതാകും. ഞാൻ നിങ്ങൾക്ക് അവിനാശീ ജ്ഞാനരത്നങ്ങൾ നൽകുന്നു, അത് എല്ലാവർക്കും നൽകിക്കൊണ്ടിരിക്കൂ എങ്കിൽ മുഴുവൻ ലോകത്തേയും പിടിച്ചിരിക്കുന്ന രാഹുവിന്റെ ദശ നീങ്ങി ബൃഹസ്പതി ദശയാകും. ഏറ്റവും നല്ലത് ബൃഹസ്പതി ദശയാണ്. നിങ്ങൾക്ക് അറിയാം പ്രധാനമായും ഭാരതത്തിനും ഒപ്പം മുഴുവൻ വിശ്വത്തിനും ഇപ്പോൾ രാഹുവിന്റെ ഗ്രഹണം ബാധിച്ചിരിക്കുകയാണ്. അത് എങ്ങനെ മാറും? ഇത് അച്ഛനല്ലേ. അച്ഛൻ നിങ്ങളിൽ നിന്നും പഴയതിനെ എടുത്തിട്ട് പുതിയത് നൽകുന്നു. ഇതിനെയാണ് പറയുന്നത് ബൃഹസ്പതി ദശ. മുക്തിധാമത്തിലേയ്ക്ക് പോകുന്നവർക്ക് ബൃഹസ്പതിയുടെ ദശയാണ് എന്ന് പറയാറില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സദാ സന്തോഷത്താൽ നൃത്തം വെയ്ക്കുന്നതിനായി സത്യമായ അച്ഛനോട് സദാ സത്യമായിരിക്കണം. ഒന്നും ഒളിപ്പിക്കരുത്.

2) ബാബ നൽകുന്ന അവിനാശിയായ രത്നങ്ങളെ എല്ലാവർക്കും വിതരണം ചെയ്യണം. അതിനോടൊപ്പം ശിവബാബയെ തന്റെ അവകാശിയാക്കി മാറ്റി എല്ലാം സഫലമാക്കണം. ഇതിൽ ദുർഭാഗ്യശാലിയാകരുത്.

## വരദാനം:- ബിന്ദുവിന്റേയും തുള്ളിയുടേയും മഹത്വത്തെ മനസ്സിലാക്കി തന്റെ ശ്രേഷ്ഠ സ്ഥിതിയുണ്ടാക്കുന്ന സിദ്ധി സ്വരൂപരായി ഭവിക്കൂ

ശിവ പരമാത്മാവിന്റെ പൂജയിൽ ഒന്ന് ബിന്ദുവിന് വിശേഷതയുണ്ട്, രണ്ട് ഓരോ തുള്ളിയുടെയും വിശേഷതയുണ്ട്. രണ്ടിനും തന്റേതായ മഹത്വമുണ്ട്. ആത്മാവ് പരമാത്മാവ്, പ്രകൃതിയുടെ ഈ കളി അർത്ഥം ഡ്രാമ മൂന്നിന്റേയും ജ്ഞാനം പ്രത്യക്ഷ ജീവിതത്തിൽ ബിന്ദുവായി തന്നെ അനുഭവമാകുന്നു അതുപോലെ തുള്ളിയാണ് ശുദ്ധ സങ്കൽപങ്ങളുടെ സ്മൃതി, അതിലൂടെ മിലനത്തിന്റെ സിദ്ധിയുടെ അനുഭവമുണ്ടാകുന്നു. ആത്മീയതയിൽ പ്രാപ്തികളുടെ ശീതള തുള്ളികൾ ബാബയിൽ അർപ്പിക്കുന്നു, ഇതിലൂടെ തന്നെ ശ്രേഷ്ഠ സ്ഥിതിയുണ്ടാകുന്നു, ഇതിന്റെ ഓർമ്മ ചിഹ്നമാണ് ഭക്തി മാർഗ്ഗത്തിൽ നടന്ന് വരുന്നത്.

## സ്ലോഗൻ:- കൂടുതൽ സംസാരിക്കുന്നതിലൂടെ ബുദ്ധിയുടെ ഊർജ്ജം കുറയുന്നു അതുകൊണ്ട് അൽപവും മധുരവുമാകൂ.